# മറുനാടൻ മാതൃകകളുടെ മലയാളിത്തം

ഡോ. കെ.ജി. പൗലോസ്

ആലോചിച്ചുറപ്പിച്ചതല്ല മകാരംകൊണ്ട് ആദ്യാനുപ്രാസമൊപ്പിച്ച ഈ ശീർഷകം. പുലർച്ചെ നടക്കാനിറങ്ങിയപ്പോൾ മഞ്ഞുതുള്ളികൾക്കും കിളിമൊഴികൾക്കുമൊപ്പം മനസ്സിൽ അറിയാതെ വന്നുകേറിയതാണത്. ആശയം മുഴുവൻ വ്യക്തമാകുന്നില്ലെങ്കിലും കിന്നരിവെച്ച ആ തലപ്പാവ് എടുത്തുമാറ്റാൻ തോന്നിയില്ല. വസന്തൻമാഷ്ടെ ദീർഘമായ അദ്ധ്യാപനസപര്യയുടെയും സാഹിത്യതപസ്യയുടെയും പരിപക്വതയാർന്ന സംഭാവന എന്ന നിലയിൽ നമുക്ക് ലഭിച്ച 'പടിഞ്ഞാറൻ കാവ്യമീമാംസ മലയാളികൾക്ക്' എന്ന ഗ്രന്ഥമാണ് ഈ ലേഖനത്തിന്റെ വിഷയം. തൃശൂരിലെ മലയാളപഠനഗവേഷണകേന്ദ്രമാണ് ഈ വിശിഷ്ടഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

കാവ്യം രചിക്കുന്ന കവിക്കും അതാസ്വദിക്കുന്ന വായനക്കാരനും പൊതുവായുള്ള ധർമം പ്രതിഭയാണ്. കാരയിത്രി, ഭാവയിത്രി എന്ന ഭേദകല്പന ഊന്നലിന്റെ അടിസ്ഥാനത്തിലാണ്. ഇരുഹൃദയങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പൊൻനൂലാണത്. കവിതന്നെ നിരൂപകനാണെന്നൊരു പക്ഷവുമുണ്ട്. 'മാ നിഷാദ' എഴുതിയ ആദികവി തന്ത്രീലയസമന്വിതമെന്നതിനെ വിശകലനം ചെയ്തപ്പോൾ ആദ്യനിരൂപകനുമായി. സ്രഷ്ടാവിൽതന്നെയുള്ള അവസ്ഥാഭേദമാണിത്. കവി എഴുതുന്നത് വായനക്കാർക്ക് വേണ്ടിയാണ്. നല്ല വായനക്കാരനാണ് നിരൂപകൻ. സാധാരണവായനക്കാരന് ആസ്വദിച്ചാൽ മാത്രം മതി. നിരൂപകൻ, പക്ഷേ, ആസ്വാദനത്തെ അപഗ്രഥിച്ച് 'എന്തുകൊണ്ട്' എന്ന ചോദ്യത്തിന്കൂടി മറുപടി പറയണം. ആസ്വദിക്കുന്നതുപോലെ എളുപ്പമല്ല അപഗ്രഥനം. വായനാനുഭവം മറ്റു വായനക്കാരുമായി പങ്കിട്ടാൽ മാത്രം പോരാ അത് വിശദമാക്കുന്നതിനാവശ്യമായ യുക്തികളും നിരൂപകന് നിരത്തേണ്ടിവരും. അതിനയാൾ ആശ്രയിക്കുക അതത് വായനാസമൂഹത്തിൽ നിലവിലുള്ള ധാരണകളെയാണ്. കാവ്യത്തിൽ മനനം (മീമാംസ) കടന്നുവരുന്നതപ്പോഴാണ്.

ഓരോ സമൂഹത്തിനും ജീവിതത്തോടുള്ള സമീപനം ഒരേതരത്തിലല്ല. അതത് സമൂഹത്തിന്റെ മനോമണ്ഡലത്തെ രൂപപ്പെടുത്തിയ ദർശനങ്ങളുണ്ട്. സാഹിത്യപഠനങ്ങളിൽ പാശ്ചാത്യം, പൗരസ്ത്യം എന്നിങ്ങനെയുള്ള ഭിന്നസമീപനങ്ങൾക്ക് കാരണം ഭൂമിശാസ്ത്രപരം മാത്രമല്ല, ജീവിതത്തോടുള്ള സമീപനങ്ങളിലെ വൈവിധ്യം കൂടിയാണ്.

പൊതുവർഷം ആദ്യത്തെ സഹസ്രാബ്ദം അവസാനിക്കുന്നതുവരെ ഭാരതത്തിൽ സംസ്കൃത പ്രഭാവത്തിന്റെ കാലമായിരുന്നു. സംസ്കൃതത്തിലെ പ്രഖ്യാതസാഹിത്യ കൃതികൾ ആവിർഭവിച്ചത് ഇക്കാലത്താണ്. അവയെ വിലയിരുത്താനാണ് സാഹിത്യ മീമാംസ ഉരുത്തിരിഞ്ഞത്. പതിനൊന്നാം നൂറ്റാണ്ടോടെ ഇന്ത്യയിലാകെ പ്രാദേശിക ഭാഷകളുടെ മുന്നേറ്റമുണ്ടായി. സ്വതന്ത്രമായ അസ്തിത്വം പ്രഖ്യാപിച്ച ദേശഭാഷകൾ സംസ്കൃതത്തിലെ സാഹിത്യസമ്പത്ത് ഉൾക്കൊണ്ട് സ്വയം സമ്പന്നമായി. അവിടെയും കാവ്യമീമാംസയ്ക്ക് മാറ്റം വേണ്ടിവന്നില്ല. വിദേശസമ്പർക്കത്തിന്റെ ഫലമായി പുതിയ സാഹിത്യരൂപങ്ങൾ ഉടലെടുത്തപ്പോഴാണ് വിലയിരുത്താനുള്ള മാനദണ്ഡങ്ങളും മാറ്റേണ്ടിവന്നത്. അങ്ങനെയാണ് പാശ്ചാത്യനിരൂപണസിദ്ധാന്തങ്ങൾക്ക് ഇവിടെ പ്രസക്തി കൈവന്നത്.

ഇന്ദുലേഖയുടെ കാലംമുതൽ ഈ സ്വാധീനം മലയാളിക്കനുഭവപ്പെട്ടുതുടങ്ങിയിരുന്നു. എങ്കിലും ഗൗരവമായൊരു ശ്രമം നടത്തിയത് മുണ്ടശ്ശേരിയാണ്. പാരമ്പര്യസംസ്കൃത പണ്ഡിതന്മാർക്കുണ്ടായിരുന്ന പരിമിതികളിൽ നിന്നു പ്രായേണ മുക്തനായിരുന്നു മുണ്ടശ്ശേരി. സംസ്കൃതകാവ്യപഠനത്തിന് രണ്ടു പ്രധാനധാരകളുണ്ട് - ഒന്ന്, കാവ്യഘടകങ്ങളായ ശബ്ദാർത്ഥങ്ങളുടെ വിശദമായ വ്യാഖ്യാനങ്ങൾ. ശ്രേഷ്ഠമായ എല്ലാ കൃതികൾക്കുമുണ്ട് അനേകവ്യാഖ്യാനങ്ങൾ. എന്നാൽ പല വ്യാഖ്യാതാക്കളും പൂവിലെ തേനിൽ മയങ്ങി പൂന്തോട്ടം കാണാൻ മറന്നവരാണ്. ഒരു കൃതിയെ അതിന്റെ സമഗ്രതയിൽ കാണാൻ പലപ്പോഴുമവർക്ക് കഴിഞ്ഞില്ല. കാണാൻ കഴിഞ്ഞവർക്കാക്കട്ടെ, സാഹിത്യേതരമായ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നുതാനും. കേരളത്തിലെ അതിപ്രഗല്ഭനായ വ്യാഖ്യാതാവാണ് പൂർണ്ണസരസ്വതി. മേഘസന്ദേശം വായിക്കുന്നതിന്റെ പ്രയോജനമായി അദ്ദേഹം കണ്ടെത്തിയത് ഭാരതത്തിലെ വിവിധസ്ഥലങ്ങളിലെ ദേവായതനങ്ങളും തീർത്ഥങ്ങളും സന്ദർശിക്കുന്നതിന്റെ പുണ്യമുണ്ടാകുമെന്നാണ്. മാരാര് കണക്കറ്റ് ശകാരിക്കുന്നുണ്ട് ഇക്കാര്യത്തിൽ പൂർണ്ണസരസ്വതിയെ. സഹൃദയനായ ആ വ്യാഖ്യാതാവിന് ആരെയോ പ്രീതിപ്പെടുത്താൻ ഇത്തരമൊരു കാവ്യലക്ഷ്യം കണ്ടുപിടിക്കേണ്ടിവന്നു എന്നതാണ് വസ്തുത. വ്യാഖ്യാതാക്കൾ ശബ്ദാർത്ഥങ്ങളെ കുത്തിക്കീറുന്നത് കണ്ട് രസിക്കുന്നതിനിടയിൽ അഖണ്ഡമായ കാഴ്ചപ്പാടോടെ കൃതികളെ സമീപിച്ച യഥാർത്ഥ വിമർശകരെ നാം മറന്നു. രസമെന്ന സമഗ്രാനുഭവത്തെ വിവരിച്ച ഭരതന്റെയും ധ്വനിപാഠങ്ങൾ തേടി ആഴത്തിലേയ്ക്കൂളിയിട്ട ആനന്ദവർദ്ധനന്റെയും ശബ്ദങ്ങൾ ഈ കോലാഹലത്തിൽ ആരും വേറിട്ടുകേട്ടില്ല. മഹാഭാരതത്തിലും രാമായണത്തിലും അന്തർധാരയായി വർത്തിക്കുന്ന ഭാവങ്ങളെ സംബന്ധിച്ച ഇവരുടെ വിശകലനങ്ങൾ വിലയിരുത്തലിനുള്ള മാതൃകകളായി നാം ഉൾക്കൊണ്ടിരുന്നെങ്കിൽ നമ്മുടെ നിരൂപണത്തിന്റെ ചരിത്രം മറ്റൊന്നാകുമായിരുന്നു. ഭാരതപര്യടനംപോലെ ഒന്നെഴുതാൻ മറ്റാരും തുനിയാതിരുന്നതാണ് നമ്മുടെ ഭാഗ്യദോഷം.

ഈ പരിമിതികൾ പരിഹരിച്ച് സംസ്കൃതകാവ്യമീമാംസയുടെ തനിമയും തെളിമയും വെളിവാക്കുവാനാണ് മുണ്ടശ്ശേരി കാവ്യപീഠിക എഴുതിയത്. രസം, ധ്വനി തുടങ്ങിയ സിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുക മാത്രമല്ല, പാശ്ചാത്യസിദ്ധാന്തങ്ങളോട് താരതമ്യാത്മകമായി അവയെ ബന്ധപ്പെടുത്തുകകൂടി ചെയ്തു, അദ്ദേഹം. അതോടെ അരിസ്റ്റോട്ടിൽ, ലോൻജിനസ്, ബനിഡിറ്റോക്രോച്ചെ, എലിയട്ട്, ഐ.എ. റിച്ചാർഡ്സ് തുടങ്ങിയ പാശ്ചാത്യരായ നിരൂപകരുടെ പേരുകൾ മലയാളിക്ക് സുപരിചിതങ്ങളായി. ഇതിന്റെ തുടർച്ചയെന്നോണം പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങളെ മലയാളിക്ക് പരിചയപ്പെടുത്തുന്ന പ്രൊഫ. കെ.എം. തരകൻ, പ്രൊഫ. എം. അച്യുതൻ, പ്രൊഫ. തോമസ് മാത്യു തുടങ്ങിയവർ രചിച്ച അനേകം ആധികാരികഗ്രന്ഥങ്ങൾ മലയാളത്തിലുണ്ടായി. നീണ്ട ഈ പരമ്പരയുടെ ഇങ്ങേയറ്റത്ത് നിൽക്കുന്നു ഈ ജനുവരിയിൽ പ്രസിദ്ധീകരിച്ച വസന്തൻമാഷ്ടെ ഗ്രന്ഥം. മറ്റു ഗ്രന്ഥങ്ങളിൽ നിന്ന് ഇതിനെ വ്യതിരിക്തമാക്കുന്ന പ്രധാന സവിശേഷത, ഒറ്റവാക്കിൽ പറഞ്ഞാൽ, പ്രതിപാദനത്തിന്റെ മലയാളിത്തമാണ്. വായിച്ചുപോകുമ്പോൾ നമുക്ക് തോന്നുക പ്ലേറ്റോയും ഷെല്ലിയും കീറ്റ്സും റിച്ചാർഡ്സുമൊക്കെ നമ്മുടെ തറവാട്ടിൽ പിറന്നവരാണെന്നാണ്; അകത്തളങ്ങളിൽ അവരുടെ കാൽപ്പെരുമാറ്റം നമുക്ക് പരിചിതമാണെന്നും.

### പ്ലേറ്റോ മുതൽ റിച്ചാർഡ്സ് വരെ

പടിഞ്ഞാറൻ രാജ്യങ്ങളിൽ കാവ്യമീമാംസയ്ക്ക് ഹരിശ്രീ കുറിച്ചത് 'കവിതയുടെ ശത്രു' വാണെന്ന ചരിത്രത്തിന്റെ നേരമ്പോക്ക് നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് ഗ്രന്ഥം ആരംഭിക്കുന്നത്. തന്റെ ആദർശസാമ്രാജ്യത്തിൽനിന്ന് കവികളെ ബഹിഷ്കരിച്ച പ്ലേറ്റോ ആണ് ഈ 'ശത്രു'. പ്ലേറ്റോയിൽ തുടങ്ങി ഐ.എ. റിച്ചാർഡ്സ് വരെ ഇരുപതിലധികം കാവ്യമീമാംസകരെ പരിചയപ്പെടുത്തുന്നതരത്തിലാണ് ഗ്രന്ഥത്തിന്റെ രൂപഘടന. അവസാനഭാഗത്ത് അനുബന്ധമെന്നോണം നാല് പ്രസ്ഥാനങ്ങളെ പരിചയപ്പെടുത്തുന്നു. മാർക്സിയൻ സാഹിത്യനിരൂപണം, സ്ത്രീപക്ഷ നിരൂപണം, മനശ്ശാസ്ത്രാധിഷ്ഠിതവും ശൈലീവിജ്ഞാനാത്മകവുമായ നിരൂപണങ്ങൾ എന്നിവയാണ് ആ നുതനസരണികൾ. ക്ലാസ്സിസം, നിയോക്ലാസ്സിസം, കാല്പനികത, റിയലിസം എന്നിങ്ങനെ സിദ്ധാന്തങ്ങളെ കള്ളികളാക്കിത്തിരിക്കുന്ന രീതിയല്ല സ്വീകരിച്ചിരിക്കുന്നത്, എങ്കിലും അവയൊക്കെ സവിശേഷപഠനത്തിന് വിഷയമാകുന്നുണ്ടുതാനും. രസകരമായ ചില ദ്വന്ദ്വങ്ങൾ ഈ മീമാംസകരിലുണ്ട് : പ്ലേറ്റോ – അരിസ്റ്റോട്ടിൽ, വേർഡ്സ്വർത്ത് – കോളിറിഡ്ജ്, ഷെല്ലി -കീറ്റ്സ്, എലിയറ്റ്-റിച്ചാർഡ്സ്.

പ്ലേറ്റോയുടെ റിപ്പബ്ളിക്കിന്റെ പത്താമദ്ധ്യായമാണ് പടിഞ്ഞാറൻ കാവ്യമീമാംസയുടെ ഈറ്റില്ലം. ആദർശഭരണകൂടം സ്വപ്നത്തിൽ കൊണ്ടുനടന്നിരുന്ന തത്ത്വചിന്തകനായിരുന്നു പ്ലേറ്റോ. സത്യം, നീതി, ധർമം തുടങ്ങിയ ആശയങ്ങളാണ് പരമമായ സത്യം. എന്നാൽ നാം കാണുന്നത് ഇവയുടെ ഭാഗികമായ പ്രതിഫലനങ്ങളെയും അനുകരണ

ങ്ങളെയും മാത്രമാണ് എന്നതാണ് ആ മഹാതത്ത്വചിന്തകനെ നിരാശപ്പെടുത്തിയത്. ഗുഹയിൽ ഒരുവനെ ചങ്ങലക്കിട്ടിരിക്കുന്നു. ഗുഹാമുഖമവന് കാണാൻ കഴിയില്ല. ഗുഹാമുഖത്തുള്ള വഴിയുടെ എതിർഭാഗത്ത് ഒരു പന്തം ജ്വലിക്കുന്നു. അതിന്റെ പ്രകാശത്തിൽ വഴിയിലൂടെ പോകുന്നവരുടെ നിഴലുകൾ ഗുഹാഭിത്തിയിൽ പ്രതിഫലിക്കുന്നത് ഗുഹയിൽ നിന്ന് അവന് കാണാം; സഞ്ചാരികളെ നേരിൽ കാണാൻ പറ്റില്ല. താൻ കണ്ട നിഴലുകളാണ് സത്യം എന്നയാൾ ധരിക്കുന്നു. അതാണ് നമ്മുടെയും അവസ്ഥ. ഭാരതീയമായ ഒരുദാഹരണത്തിലൂടെ പ്ലേറ്റോയുടെ ആശയം ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. ബ്രഹ്മം മാത്രമാണ് സത്യം, മറ്റെല്ലാം രൂപാന്തരങ്ങൾ. സ്വാമി വിവേകാനന്ദൻ ഈ ആശയം വ്യക്തമാക്കുന്നതിങ്ങനെ: നിരവധി കണ്ണാടികൾ വെച്ചിരിക്കുന്ന മുറിയിലേയ്ക്ക് ഒരാൾ കടന്നാൽ എല്ലാ കണ്ണാടികളിലും അയാളുടെ രൂപം പ്രതിഫലിക്കും. കണ്ണാടിയുടെ പ്രതലത്തിനനുസരിച്ച് പ്രതിബിംബങ്ങൾക്ക് ഭേദമുണ്ടാകും. ആശയം എന്ന ഉണ്മയിലല്ല, അസത്യമായ നിഴലുകളിലാണ് കവികൾക്ക് ശ്രദ്ധ. അതുകൊണ്ട് അനുകരണം സത്യത്തിൽ നിന്ന് അകന്നിരിക്കുന്നു.

പ്ലേറ്റോയുടെ ശിഷ്യൻ അരിസ്റ്റോട്ടിൽ ഗുരുവിനെ തിരുത്തി. ചരിത്രവും കാവ്യവും തമ്മിലുള്ള വ്യത്യാസമാണ് അരിസ്റ്റോട്ടിൽ ചൂണ്ടിക്കാണിച്ചത്. ഉണ്മയും നിഴലുമെന്ന മട്ടിലല്ല ഇവയെ കാണേണ്ടത്. സംഭവിച്ചതാണ് ചരിത്രം; സംഭവിക്കാവുന്നതാണ് കാവ്യം. വികാരങ്ങളിളക്കിവിട്ട് കവികൾ ജനങ്ങളെ വഴിതെറ്റിക്കുന്നു എന്ന് പറയാനാവില്ല. വികാരങ്ങളെ വിമലീകരിക്കുകയാണ് യഥാർത്ഥത്തിൽ കവി ചെയ്യുന്നത്. ആദർശരാഷ്ട്രത്തിലെ പൗരന്മാരെ കവിത സംശുദ്ധരാക്കുകയേ ചെയ്യൂ. ഇവിടെയാണ്, പിൽക്കാലത്ത് അനേകതരത്തിൽ വ്യാഖ്യാനിക്കപ്പെട്ട, കഥാർസിസ് എന്ന സിദ്ധാന്തം അരിസ്റ്റോട്ടിൽ അവതരിപ്പിക്കുന്നത്. രസസിദ്ധാന്തവുമായി ബന്ധപ്പെടുത്തി പലരും കഥാർസിസിനെ ചർച്ച ചെയ്തിട്ടുണ്ട്. രണ്ടു സംസ്കാരങ്ങളുടെ പ്രതിനിധാനങ്ങളാണ് കഥാർസിസും രസവും. സംസ്കാരങ്ങളുടെ സമീപനങ്ങളിലെ വൈരുദ്ധ്യം സിദ്ധാന്തങ്ങളിലുമുണ്ടാകും. ജന്മാന്തരങ്ങളിൽ വിശ്വസിക്കുന്ന ഭാരതീയന് മരണം ജീവിതത്തിന്റെ അന്ത്യമല്ല, രൂപാന്തരം മാത്രമാണ്. അതുകൊണ്ട് ഒരു ഈഡിപ്പസ് ഇവിടെയുണ്ടാകില്ല. ദുരന്താനുഭവങ്ങളോട് ഇരുപാരമ്പര്യങ്ങളും പ്രതികരിക്കുന്നത് ഒരുപോലെയല്ല. തത്ത്വജ്ഞന്റെ നിലയിലാണ് നല്ലൊരാസ്വാദകനായിരുന്നിട്ടുകൂടി പ്ലേറ്റോ കാവ്യത്തെ സമീപിച്ചത്; അരിസ്റ്റോട്ടിൽ തത്ത്വജ്ഞാനി ആയിരുന്നെങ്കിലും സഹൃദയനായിട്ടാണ് സാഹിത്യത്തെ വിലയിരുത്തിയത്.

വേർഡ്സ്വർത്തും കോളറിഡ്ജും മറ്റൊരു ദ്വന്ദമാണ്. കവികൾകൂടിയാണിരുവരും; ഉറ്റ സുഹൃത്തുക്കളുമായിരുന്നു. പുതിയതരത്തിൽ കവിതയെഴുതാൻ അവർ കൂടിയാലോചിച്ചു. വേർഡ്സ്വർത്തെഴുതിയത് ലിറിക്കൽ ബല്ലാർഡ്സ്; കോളിറിഡ്ജിന്റേത് എൻഷ്യന്റ് മാരിനർ. കവിതകളുടെ ഉള്ളടക്കത്തിലും അവതരണത്തിലുമുള്ള ഭേദം

അവരുടെ ചിന്തകളിലുമുണ്ട്. കവിതകളേക്കാൾ നമുക്ക് പ്രധാനം ലിറിക്കൽ ബല്ലാർഡ്സിന് കവിതന്നെ എഴുതിയ ദീർഘമായ ആമുഖവും തന്റെ സാഹിത്യചിന്തകൾ ക്രോഡീകരിച്ച് കോളിറിഡ്ജ് എഴുതിയ ബയോഗ്രാഫിയ ലിറ്ററിയയുമാണ്. കാല്പനികകവിതയുടെ മാനിഫെസ്റ്റോ ആണ് ബലാർഡ്സിന്റെ ആമുഖം (1802).

ശക്തമായ വികാരങ്ങളുടെ നൈസർഗികമായ കവിഞ്ഞൊഴുകലാണ് വേർഡ്സ്വർത്തിന് കവിത. എഴുതുന്നതല്ല, എഴുതിപ്പോകുന്നതാണത്. നാലുഘട്ടങ്ങളിലായാണിത് സംഭവിക്കുക. ആദ്യഘട്ടത്തിൽ കണ്ടതോ കേട്ടതോ ആയ ഒന്ന് മനസ്സിൽ പതിയുന്നു. കവിമനസ്സിൽ അത് ഒരു മുറിവുണ്ടാക്കുന്നു. ആ അനുഭവത്തിന് മുൻപിൽ കവി തപസ്സിരിക്കുന്നതാണടുത്ത ഘട്ടം. തുടർന്ന് മൂന്നാംഘട്ടത്തിൽ ഈ മുറിവ് മനസ്സിലൊരു വിങ്ങലായിമാറുന്നു. അതിന്റെ ഉന്മാദത്തിൽ കവിതയുടെ നീരുറവ കിനിഞ്ഞ് കവിഞ്ഞൊഴുകുന്നു. ഒന്നും നാലും ഘട്ടങ്ങൾക്കിടയിലുള്ള കാലം ഇത്രയെന്ന് എണ്ണിപ്പറയാൻ കഴിയുകയില്ല. കാല്പനികകവിതയെ സംബന്ധിക്കുന്ന ചിന്തകൾക്ക് ആദ്യമായി രൂപം നൽകുകയായിരുന്നു വേർഡ്സ്വർത്ത്. ക്ലാസ്സിസത്തിന്റെയും നിയോക്ലാസ്സിസത്തിന്റെയും സങ്കല്പങ്ങളിൽ നിന്ന് ഇതിനുള്ള ഭേദം വ്യക്തമാണല്ലോ.

കോളറിഡ്ജിന്റെ സാഹിത്യസിദ്ധാന്തങ്ങളിൽ ശ്രദ്ധേയമായത് പ്രതിഭയെ പറ്റിയുള്ള അദ്ദേഹത്തിന്റെ ധാരണകളാണ്. ഫാൻസി (കല്പന), ഇമാജിനേഷൻ (ഭാവന) എന്ന രണ്ടുപദങ്ങളെയാണ് ഇത് വ്യക്തമാക്കാൻ അദ്ദേഹം ആശ്രയിക്കുന്നത്. ഒരേ അർത്ഥത്തിലുള്ള പദങ്ങളായിട്ടാണ് ഇവടെ കണക്കാക്കാറുള്ളത്. എന്നാൽ കോളിറിഡ്ജിന്റെ അഭിപ്രായത്തിൽ വളരെ ഭിന്നമാണ് ഇവയുടെ അർത്ഥതലം. രസിപ്പിക്കുന്നമട്ടിൽ ഭിന്നവസ്തുക്കളെ കൂട്ടിച്ചേർക്കുന്നതാണ് കല്പന. കുരുവി തിളങ്ങുന്ന എന്തുകണ്ടാലും കൊത്തിയെടുത്ത് കൂട്ടിൽകൊണ്ടുപോയി വെയ്ക്കുന്നതുപോലെയാണ് കല്പന. എന്നാൽ അവ ഉരുകിച്ചേർന്നു തീവ്രാഘാതമേല്പിക്കുന്ന മറ്റൊന്നായി മാറുന്നിടത്താണ് ഭാവന പ്രവർത്തിക്കുന്നത്. കല്പനയും ഭാവനയും ഒന്നല്ല, ഒന്നിന്റെ വിവിധതലങ്ങളുമല്ല; അത്യന്തം വിഭിന്നങ്ങളാണവ. ഭാവനയ്ക്ക് പ്രാഥമികതലവും ദ്വിതീയതലവും കോളിറിഡ്ജ് കല്പിക്കുന്നുണ്ട്. മനസ്സിന്റെ അബോധപൂർവമായ പ്രവർത്തനമാണ് പ്രാഥമികതലത്തിലുള്ളത്; ബോധപൂർവമായ പ്രവൃത്തിയാണ് ദ്വിതീയതലഭാവന.

കോളിറിഡ്ജിന് ഒപ്പം വെയ്ക്കാവുന്നൊരാൾ ഭാരതത്തിലുള്ളത് പണ്ഡിതരാജജഗന്നാഥനാണ്. ഇരുവരും കവികളും ഒപ്പം നിരൂപകരുമാണ്. ജഗന്നാഥപണ്ഡിതൻ പ്രതിഭയ്ക്ക് അപൂർവമായൊരു വിവരണം നൽകുന്നുണ്ട്. ഉള്ളൂരം ചങ്ങമ്പുഴയും കവികളാണ്, എന്നാൽ കവിതയെഴുതുവാനവരെ പ്രേരിപ്പിക്കുന്ന പ്രതിഭ ഒരുപോലെയുള്ളതല്ല. ഇരുപ്രതിഭകളിലുമുള്ള വ്യത്യാസം - വൈലക്ഷണ്യം - ആണ് അദ്ദേഹത്തിന്റെ ചിന്താവിഷയം. കല്പനയും ഭാവനയും തമ്മിലുള്ള വ്യത്യാസമാണിതെന്ന് പറഞ്ഞാൽ

തെറ്റില്ല. പണ്ഡിതരാജനെയും കോളിറിഡ്ജിനെയും താരതമ്യം ചെയ്തൊരു ഗവേഷണപ്രബന്ധം രചിക്കാൻ വിദ്യാർത്ഥികൾ ആരെങ്കിലും തുനിയേണ്ടതാണ്.

ഷെല്ലിയും കീറ്റ്സുമാണ് മറ്റൊരിരട്ട. കവികളെന്നനിലയിലാണ് ഇരുവർക്കും പ്രസിദ്ധി. എന്നാൽ ശ്രദ്ധേയമാണ് അവരുടെ കാവ്യചിന്തകളും. ഷെല്ലിയുടെ കാവ്യപഠനം തുടങ്ങുന്നതിങ്ങനെയാണ്. മാനസികപ്രവൃത്തിക്ക് രണ്ടുതലങ്ങളുണ്ട്. യുക്തി, ഭാവന. രണ്ടു ചിന്തകൾ തമ്മിലുള്ള ബന്ധമാണ് യുക്തി. യുക്തിക്ക് നിറപ്പൊലിമ നൽകുന്ന മനസ്സിന്റെ വ്യാപാരമാണ് ഭാവന. ഭാവനയുടെ ആവിഷ്കാരമാണ് കവിത. സത്യവും സൗന്ദര്യവും ആവിഷ്ക്കരിക്കലാണ് കവിത. പ്രപഞ്ചത്തെയാകെ മനോജ്ഞമാക്കാനുള്ള കഴിവ് കവിതയ്ക്കുണ്ട്. കീറ്റ്സിനെയും കവിയായിട്ടാണ് നാമറിയുന്നത്. എന്നാൽ, സത്യസൗന്ദര്യങ്ങളെപ്പറ്റിയുള്ള കീറ്റ്സിന്റെ ദർശനം അദ്ദേഹത്തെ എക്കാലത്തെയും ശ്രേഷ്ഠനായ കാവ്യമീമാംസകനാക്കുന്നു. സൗന്ദര്യമാണ് സത്യം; സത്യംസുന്ദരമാണ്. അതുമാത്രമാണ് ലോകത്തിൽ നിങ്ങൾക്ക് അറിയാവുന്നത്; അതുമാത്രമേ നിങ്ങൾ അറിയേണ്ടതുള്ളൂ. കവിതയുടെ സാമൂഹിക  പ്രസക്തിയേപ്പറ്റിയും കീറ്റ്സിന് ധാരണയുണ്ടായിരുന്നു. പൂവ് വിടരുന്നത് ഒന്നും പ്രചരിപ്പിക്കാനല്ല. പക്ഷേ പൂവിന്റെ സാന്നിദ്ധ്യം സുഗന്ധത്തെ പ്രസരിപ്പിക്കുന്നു. കവിത ചെയ്യുന്നതും അതാണ് – ശുദ്ധിയും നന്മയും പ്രസരിപ്പിക്കുക.

ഷെല്ലിയേയും കീറ്റ്സിനേയും പറ്റി പറയുമ്പോൾ സ്വാഭാവികമായും ഇവരിരുവരോടും ഒപ്പം വെയ്ക്കാൻ മലയാളിക്കുള്ള കവിയെ – ചങ്ങമ്പുഴയെ ഗ്രന്ഥകാരൻ അനുസ്മരിക്കുന്നു; പൂവിന്റെ ബിംബത്തിനൊപ്പംവെയ്ക്കാൻ ആരാമത്തിന്റെ രോമാഞ്ചം പോലുള്ള കല്പനകളെയും.

ഗ്രന്ഥകാരന്മാരിലൂടെ കാലക്രമമനുസരിച്ച് സാഹിത്യസിദ്ധാന്തങ്ങൾ പഠിക്കുന്നതിന്റെ ഗുണമിതാണ്. ജീവചരിത്രവിവരണത്തിലൂടെ ആദ്യമവരോട് നമുക്കൊരു മമത കൈവരുന്നു, തുടർന്നത് അവരുടെ സിദ്ധാന്തങ്ങളിലേയ്ക്കും പകരുന്നു; അപ്പോൾ എളുപ്പമത് നമ്മിൽ ലയിച്ചുചേരുന്നു.

**നിരൂപകധർമ്മം**

കവിക്കും സഹൃദയനുമിടയിൽ നിരൂപകനെന്തുകാര്യം എന്ന ചോദ്യം പലരും ചോദിച്ചിട്ടുണ്ട്, പലതരത്തിലുള്ള ഉത്തരങ്ങൾ നൽകിയിട്ടുമുണ്ട്. ഈ ഗ്രന്ഥത്തിൽ പലയിടത്തായി സന്ദർഭമനുസരിച്ച് ഇക്കാര്യം ചർച്ചചെയ്യുന്നുണ്ട്.

നിരൂപണത്തിന് ആദ്യം വേണ്ടത് ആസ്വാദനമാണല്ലോ. ആസ്വാദകരെ മൂന്നായി തരംതിരിക്കുന്നുണ്ട് വേഡ്സ്വർത്ത്. അനുരാഗംപോലെ കവിതയുടെ നേർക്ക് തീക്ഷ്ണവികാരം പുലർത്തുന്നവരാണ് ഒരുകൂട്ടർ. ജീവിതപ്രാരാബ്ധമേറുന്നതോടെ തീവ്രാഭിനിവേശംവിട്ട് അകന്നുപോകുന്നവർ മറ്റൊരുകൂട്ടർ. മതപരമായ ആവേശത്തോടെ വാർദ്ധ

കൃത്തിൽ കവിതയിലേയ്ക്ക് മടങ്ങുന്നവരാണ് മൂന്നാമത്തെ കൂട്ടർ. ഓരോവിഭാഗത്തിലും കവിതയോടുള്ള അഭിനിവേശം ഏറിയും കുറഞ്ഞുമിരിക്കും.

എന്നാൽ, യൗവനതീക്ഷ്ണമായ വികാരാവേശമല്ല, നിരൂപകനുവേണ്ടത്. ഹൃദയംകൊണ്ട് കവിതയെ ഉൾക്കൊണ്ട് ബുദ്ധികൊണ്ട് അപഗ്രഥിക്കുകയാണ് നിരൂപകൻ ചെയ്യേണ്ടത്. അപക്വമനസ്സായി വികാരപരമായി മാത്രം കവിതയെ സമീപിക്കുന്നവനാകരുത് നല്ല നിരൂപകൻ. കാവ്യലോകവുമായി നിരന്തരസമ്പർക്കം അവനുണ്ടാകണം, പക്വമായ മനസ്സ് രൂപപ്പെടുത്തിയതാവണം അഭിരുചി; മുൻവിധികളിൽ നിന്നവൻ മുക്തനാവണം. ഒരു കൃതി തന്നിൽ എന്തുമുദ്രപതിപ്പിച്ചു എന്ന കാര്യം രേഖപ്പെടുത്തി, അതിലൂടെ താൻ അനുഭവിച്ച ആനന്ദം മറ്റൊരാളിലേയ്ക്ക് പകരുകയാണ് നിരൂപകന്റെ ധർമം എന്നാണ് വാൾട്ടർ പേറ്റർ പറയുന്നത്. അനുവാചക ഹൃദയത്തിൽ കവി ഉണർത്തുന്ന സൗന്ദര്യബോധമാണ് കൃതിയുടെ മേന്മ നിർണയിക്കാനുള്ള മാനദണ്ഡം. ഈ അർത്ഥ ത്തിൽ കവിയുടേതുപോലുള്ള സർഗ്ഗസൃഷ്ടിതന്നെയാണ് നിരൂപണം. സൗന്ദര്യം ധർമ ബോധത്തോട് ബന്ധപ്പെട്ടതാണോ എന്ന് നിരൂപകൻ അന്വേഷിക്കേണ്ടതില്ല.

തേനീച്ചയേപ്പോലെ കാവ്യസൂനങ്ങളിൽ പാറിപ്പറന്നു മധുനുകർന്ന നിരൂപകൻ എന്നാണ് പേറ്ററെ പിൽക്കാലത്തുള്ളവർ വിശേഷിപ്പച്ചത്. മൂന്നു കാര്യങ്ങളിലാണ് അദ്ദേഹം ഊന്നി യത് - സൗന്ദര്യം സ്വയം അനുഭവിക്കുക, സൗന്ദര്യാംശത്തെ വേർതിരിച്ചെടുക്കുക, തന്റെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കുക.

ചിന്ത വികാരമായി പരിണമിക്കുകയാണ് കവിതയിൽ എന്ന് ടി.എസ്. എലിയറ്റ് അഭി പ്രായപ്പെടുന്നുണ്ട്. ചിന്ത വികാരമായി പരിണമിക്കുന്ന പ്രക്രിയയെ യൂണിഫിക്കേഷൻ ഓഫ് സെൻസിബിലിറ്റി എന്ന് അദ്ദേഹം വിളിക്കുന്നു. ഈ പരിണാമപ്രക്രിയയുടെ കാതൽ വായനക്കാരനിലെത്തിക്കുക എന്നത് നിരൂപകന്റെ ധർമ്മമാണ്. ഈ ഘട്ട ത്തിൽ നിരൂപണം ശാസ്ത്രത്തിന്റെ തലത്തിലെത്തുന്നു. അവിടെ നിരൂപകന് പക്ഷ പാതങ്ങൾ പാടില്ല; കാവ്യശാസ്ത്രത്തിൽ ആഴത്തിലുള്ള അവഗാഹം വേണം താനും. വായനക്കാരന് അന്യൂനമായ ആസ്വാദനാഭിരുചി നൽകുന്നത് നിരൂപകന്റെ ധർമ്മമാണ്.

ഇതിലൊക്കെ വലിയ ചുമതലയാണ് മാത്യു ആർനോൾഡ് നിരൂപകനിലർപ്പിക്കുന്നത്. സർഗ്ഗധനനായ കലാകാരന് വളരാനുള്ള മണ്ണൊരുക്കുന്നത് നിരൂപകന്റെ ധർമ്മമാണ്. മലയാളത്തിൽ കേസരി ബാലകൃഷ്ണപിള്ളയും എം.പി. പോളുമൊക്കെ ചെയ്തതാ ണല്ലോ.

നിരൂപക ധർമ്മത്തെ സംബന്ധിച്ച ചർച്ചകൾക്കന്ത്യമില്ല. ഒരുകാര്യമുറപ്പ്, മുണ്ടശ്ശേരിയും മാരാരും കെ.പി. ശങ്കരനും ലീലാവതിയുമൊന്നുമില്ലായിരുന്നെങ്കിൽ എത്ര ഊഷരമാ കുമായിരുന്നു നമ്മുടെ സാഹിത്യോദ്യാനം!

## നൂതനനിരൂപണസരണികൾ

നാലുവ്യത്യസ്ത നിരൂപണരീതികളെ പരിചയപ്പെടുത്താനാണ് അവസാനഭാഗം ഗ്രന്ഥകാരൻ വിനിയോഗിക്കുന്നത്. ഇവ ഓരോന്നിന്റെയും ഉത്പത്തിവികാസങ്ങൾ അവയുൾക്കൊള്ളുന്ന പ്രത്യയശാസ്ത്രവിചിന്തനങ്ങളോടെ ചുരുക്കിപ്പറയുകയാണിവിടെ. ആദ്യത്തേത് മാർക്സിയൻ നിരൂപണം.

മാർക്സിസത്തിന്റെ പ്രപഞ്ചവീക്ഷണം ഭൗതികമാണ്. ആശയലോകമാണ് സത്യമെന്നും അതിന്റെ പ്രതിഫലനമാണ് ബാഹ്യപ്രപഞ്ചമെന്നുമുള്ള ഹെഗലിന്റെ കാഴ്ചപ്പാടിനെ തിരുത്തിയാണ് ഭൗതികപ്രപഞ്ചവുമായുള്ള ബന്ധമാണ് ആശയലോകത്തെ രുപപ്പെടുത്തുന്നതെന്ന് മാർക്സ് നിരീക്ഷിച്ചത്. സമൂഹത്തിന് രണ്ടുതട്ടുകൾ ഉണ്ട് – സാമ്പത്തികബന്ധങ്ങളാകുന്ന അടിത്തട്ടും സംസ്കാരസംബന്ധിയായ മേൽത്തട്ടും. മേൽത്തട്ടിനെ സ്വാധീനിക്കുന്നത് അടിത്തട്ടാണ്. ആന്റോണിയോ ഗ്രാംഷി ഈ ആശയങ്ങൾക്ക് കുറെകൂടി വ്യക്തതനൽകി 'ഹെഗമണി' എന്നൊരു സങ്കല്പം മുന്നോടുവെച്ചു. ഭരണവർഗം സ്വന്തം നിലനില്പിന്നാവശ്യമായ ആശയങ്ങൾ രൂപപ്പെടുത്തുന്നു. കർമസിദ്ധാന്തം അത്തരത്തിലൊന്നാണ്. ഇപ്പോഴത്തെ ദരിദ്രാവസ്ഥ മുജ്ജന്മത്തിലെ കർമങ്ങളുടെ ഭാഗമാണെന്ന് തൊഴിലാളികളെ വിശ്വസിപ്പിച്ചാൽ ചൂഷണത്തിനെതിരെ അവർ വിരൽചൂണ്ടുകയില്ല. ഇത്തരമൊരു പരുവപ്പെടുത്തലിന് പാകമായ സിദ്ധാന്തങ്ങൾ എല്ലാസമൂഹവും സൃഷ്ടിച്ചുവെച്ചിട്ടുണ്ട്. അവയെ തുറന്നുകാട്ടേണ്ടതുണ്ട്. മാർക്സിസ്റ്റ് ആശയങ്ങളെ അടിസ്ഥാനമാക്കി അനേകം പണ്ഡിതന്മാർ പലതരത്തിലുള്ള നിരൂപണരീതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്ലഖാനോവ്, ലൂണാച്ചാർസ്കി, ജോർജ്ലൂക്കാച്ച്, പിയർമാഷറി, അൽത്തൂസർ തുടങ്ങിയ അനേകം ആചാര്യന്മാർ മാർക്സിസ്റ്റ് നിരൂപണപാഠങ്ങളുടെ വിവിധവശങ്ങളെ ഗൗരവമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്; ആ പ്രക്രിയ ഇപ്പോഴും തുടരുന്നു.

സ്ത്രീപക്ഷനിരൂപണമാണ് ആധുനികമായ മറ്റൊരു പദ്ധതി. ഇരുപതാംനൂറ്റാണ്ടിലാണ് ഇതാവിർഭവിച്ചത്. സ്ത്രീയുടെ സാമൂഹികമായ പിന്നോക്കാവസ്ഥയാണ് സ്ത്രീയുടെ പ്രശ്നങ്ങൾ പ്രത്യേകം പഠനവിഷയമാക്കാൻ ഇവരെ പ്രേരിപ്പിച്ചത്. ചരിത്രം ഹിസ്സ്റ്റോറിയാണ്. അവന്റെ നിഴലായിട്ട് മാത്രമാണ് അവൾ അതിൽ പ്രത്യക്ഷപ്പെടുന്നത്. ഇത്തരമൊരു വിശ്വാസം വളർത്തിയെടുത്തതിൽ മതങ്ങൾക്ക് ചെറുതല്ലാത്ത പങ്കുണ്ട്. പുരുഷന്റെ വാരിയെല്ലെടുത്ത് സ്ത്രീയെ സൃഷ്ടിച്ചു എന്നാണ് സെമിറ്റിക് മതങ്ങൾ പ്രചരിപ്പിക്കുന്നത്. സർവശക്തനായ ദൈവം ഒരു സ്ത്രീയെ സൃഷ്ടിക്കാനുള്ള വിഭവങ്ങൾ കടമെടുക്കാൻ പാകത്തിന് ദരിദ്രനായിപ്പോയോ എന്ന് ചോദിക്കരുത്. സ്ത്രീയെ പുരുഷന് കീഴ്പ്പെടുത്താനാണ് വാരിയെല്ലിന്റെ കഥ മെനഞ്ഞത്. മാത്രവുമല്ല പുരുഷന് പറുദീസ നഷ്ടപ്പെടുത്തിയതും സ്ത്രീയാണ്. ഭാരതീയരുടെ വിശ്വാസമനുസരിച്ചും ഇതിലൊട്ടും മേലെയല്ല സ്ത്രീയുടെ സ്ഥാനം.

വെർജിനിയവൂൾഫ് (1929), സിമോൺ സി ബൊവാർ തുടങ്ങിയവരാണ് പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീപക്ഷരചനകൾക്കും നിരൂപണപദ്ധതികൾക്കും തുടക്കമിട്ടത്. എന്നാൽ കേരളത്തിൽ സ്ത്രീശാക്തീകരണം പണ്ടുമുതലെ ആരംഭിച്ചിരുന്നു എന്നാണ് വസന്തൻ മാസ്റ്ററുടെ അഭിപ്രായം. തെളിവിനായി ഉണ്ണിയാർച്ചയേയും ഇന്ദുലേഖയേയുമൊക്കെ അദ്ദേഹം ഹാജരാക്കുന്നുണ്ട്. 1928-ൽ കോട്ടയ്ക്കൽ വെച്ചുനടന്ന സാഹിത്യപരിഷത്തിന്റെ മൂന്നാംസമ്മേളനത്തിൽ ഒരു സ്ത്രീസമ്മേളനം പ്രത്യേകമായി ഉൾപ്പെടുത്തിയിരുന്ന കാര്യം അദ്ദേഹം ഓർമ്മിപ്പിക്കുന്നു. അദ്ധ്യക്ഷതയും വിഷയാവതരണവും സർവ്വം സ്ത്രീമയം. ആ സമ്മേളനത്തിൽ പ്രൊഫ. ആനന്ദവല്ലി അമ്മ നടത്തിയ പ്രഭാഷണമായിരിക്കാം മലയാളത്തിലെ ആദ്യത്തെ സ്ത്രീപക്ഷവായന എന്നാണ് ഗ്രന്ഥകാരന്റെ നിരീക്ഷണം.

പ്രകൃതിയിൽ ഉള്ളതാണ് ആണ്, പെണ്ണ് എന്ന വ്യത്യാസം. എന്നാൽ ആൺമയും പെൺമയും പുരുഷന്റെ നിർമ്മിതികളാണ്. പരാമ്പരാഗതമായ ഇത്തരം നിർമിതികളെ പൊളിച്ചെഴുതാനാണ് സ്ത്രീപക്ഷവായനകൾ ശ്രമിക്കുന്നത്. ഭാഷപോലും പുരുഷന്റെ നിർമിതിയാണ്. അതുകൊണ്ടാണ് വേശ്യയ്ക്കു പുല്ലിംഗം ഇല്ലാതായത്. (വിടൻ എന്ന് പുലിംഗമുണ്ടല്ലോ എന്ന് മാഷ്ടെ കുസൃതി!). ഭാഷപോലെ പ്രധാനമാണ് ഉള്ളടക്കവും. സ്ത്രീ എഴുത്തുകാരികൾ സ്ത്രീകളുടേതുമാത്രമായ വിഷയങ്ങളുടെ ചിത്രണം ആഘോഷമാക്കിമാറ്റണം.

വർഗ്ഗസമരം വിജയിക്കുകയും സ്ഥിതിസമത്വം സ്ഥാപിതമാവുകയും ചെയ്യുമ്പോൾ സ്വാഭാവികമായിത്തന്നെ സ്ത്രീയുടെ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്നാണ് ആദ്യകാല മാർക്സിസ്റ്റുകൾ കരുതിയിരുന്നത്. കുളം കുത്തുമ്പോൾ കുറ്റിയും താനെ വേരറ്റുകൊള്ളുമെന്നായിരുന്നു കാഴ്ചപ്പാട്. എന്നാൽ സ്ത്രീയുടെ പ്രശ്നം പരിഹരിക്കുന്നതിന് വർഗസമത്വം കൈവരിക്കുന്നതുവരെ കാത്തിരിക്കാൻ വയ്യെന്ന് പിന്നീടു നിലപാട് മാറി. ഈ ചിന്തയുടെ ഫലമായിട്ടാണ് മാർക്സിസ്റ്റ് ഫെമിനിസം എന്നൊരു ചിന്താരീതി ഉണ്ടായിട്ടുള്ളത്.സ്ത്രീപക്ഷനിരൂപണത്തിന് പല പുതിയ ധാരകളും ഇപ്പോൾ ഉണ്ടായിട്ടുണ്ട്.

മനഃശാസ്ത്രത്തിൽ അധിഷ്ഠിതമായ നിരൂപണസമ്പ്രദായമാണ് പഠനത്തിനു വിധേയമാക്കുന്ന മൂന്നാമത്തെ പദ്ധതി. ആർക്കും പിടികൊടുക്കാത്ത ഒന്നാണല്ലോ മനസ്സ്. സിഗ്മണ്ട് ഫ്രോയിഡാണ് 19 - ാം നൂറ്റാണ്ടിൽ അതിനെയൊന്ന് പിടിച്ചെടുക്കാൻ ശ്രമിച്ചത്. മുഴുവൻ വിജയിച്ചിട്ടില്ല. എങ്കിലും മനസ്സിന്റെ ബോധാബോധതലങ്ങളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ധാരണകൾ ഏറെക്കുറെ എല്ലാവരും അംഗീകരിക്കുന്നുണ്ട്. മാത്രമല്ല, മാനസികരോഗങ്ങളുടെ ചികിത്സകളിൽ ആ സമീപനം ഫലപ്രദമായിട്ടുമുണ്ട്. സാഹിത്യനിരൂപണത്തിലേയ്ക്കുകൂടി അതിനെ വ്യാപിപ്പിക്കാനാണ് മനഃശാസ്ത്രനിരൂപണം ശ്രമിക്കുന്നത്. മലയാളത്തിൽ വൈലോപ്പിള്ളിക്കവിതയെ അപഗ്രഥിക്കാൻ പ്രൊഫ.

എം.എൻ. വിജയൻ ഇത് ഫലപ്രദമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. മനഃശാസ്ത്രനിരൂപണത്തിന് സിഗ്മണ്ട് ഫ്രോയ്ഡ്, ജാക്വസ് ലക്കാൻ തുടങ്ങിയവരുടെ സംഭാവനകൾ വലുതാണ്. മറക്കാനാകാത്ത മറ്റൊരു വ്യക്തിയാണ് കാൾയുങ്. മനുഷ്യരാശിയുടെ വികാസത്തിനിടയിൽ ഗോത്രജീവിതകാലംമുതൽ രൂപപ്പെട്ടുവന്ന വിശ്വാസങ്ങൾക്കും കല്പനകൾക്കും ഒരെഴുത്തുകാരന്റെ സൃഷ്ടികളിൽ എത്രത്തോളം സ്വാധീനമുണ്ടെന്ന കാര്യമാണ് യുങ് പഠനത്തിന് വിധേയമാക്കിയത്. അബോധമനസ്സിലെ വർഗസ്മൃതികളാണ് ആദിപ്രുരൂപങ്ങളായി വരുന്നത്. ഇവയെ വ്യാഖ്യാനിക്കുന്നതിന് ആദിപ്രരൂപനിരൂപണം (archytypal criticism) എന്നൊരു ശാഖതന്നെ രൂപപ്പെട്ടിട്ടുണ്ട്. ശകുന്തള ഉടനെത്തുമെന്ന് ദുഷ്യന്തനറിയില്ലായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ മനസ്സിനെ അസ്വസ്ഥമാക്കിയ ഭാവസ്ഥിരമായ സൗഹൃദം എന്താണ്? 'അനാര്യ' എന്നുവിളിച്ച് ശകുന്തള ഏറെ ക്രുദ്ധയായത് 'സ്ത്രീണാമശിക്ഷിതപടുത്വം' എന്ന ദുഷ്യന്തന്റെ പരിഹാസത്തിൽ പരഭൃതങ്ങൾക്കു നൽകിയ വിശേഷണങ്ങൾ തന്നെ പിറന്നപാടുപേക്ഷിച്ച മേനകയ്ക്കും ചേരുന്നതായി രാജാവ് ഉദ്ദേശിച്ചതുകൊണ്ടാണെന്ന് പരീക്ഷിത്തുതമ്പുരാൻ വ്യാഖ്യാനിച്ചിട്ടുണ്ട്. ദുഷ്യന്തൻ ശകുന്തളയെ ഓർക്കുന്നില്ലെങ്കിൽ അവളുടെ അമ്മയെ ഓർക്കാനൊട്ടുമിടയില്ലല്ലോ. ദുഷ്യന്തന്റെ ഈ മനസ്സിനെ എങ്ങനെ  നമുക്ക് വ്യാഖ്യാനിക്കാം?

ഈ മേഖലയിൽ മലയാളിക്കുകിട്ടിയ ഏറ്റവും വിശിഷ്ടമായ കൃതി പ്രൊഫ. എം. ലീലാവതിയുടെ ആദിപ്രരൂപപഠനമാണ്. സാഹിത്യാസ്വാദനത്തിനുമാത്രമല്ല ധ്വനി, രസം തുടങ്ങിയ സിദ്ധാന്തങ്ങളെ അടുത്തറിയാനും സഹായിക്കുന്നതാണ് ദൗർഭാഗ്യത്തിന്, അർഹിക്കുന്ന പരിഗണന കിട്ടാതെപോയ ആ അപഗ്രഥനം.

ശൈലീവിജ്ഞാനീയം (stylistics) ഒരു ശാഖയായി വളർന്നുവന്നിട്ട് അധികം കാലമായിട്ടില്ല. പദങ്ങളുടെ വിന്യാസവൈചിത്ര്യം കാവ്യത്തിനുണ്ടാക്കുന്ന ചാരുതയെപ്പറ്റി പണ്ടുള്ളവർ പറഞ്ഞുവെച്ചിട്ടുണ്ട്. ശൈലി പലപ്പോഴും എഴുത്തുകാരന്റെ കയ്യൊപ്പാകാറുണ്ട്. അതുകൊണ്ട് എഴുത്തിലെ ഭാഷയിലൂടെ കവിമനസ്സിലേയ്ക്കു കടക്കാനുള്ള ശ്രമമാണ് ശൈലീവിജ്ഞാനീയക്കാർ നടത്തുന്നത്. ഒരു തരത്തിൽ പറഞ്ഞാൽ സാഹിത്യത്തേക്കാൾ പരിഗണന ഇവിടെ ഭാഷയ്ക്കാണ്. ശൈലീവിജ്ഞാനീയത്തെപ്പറ്റി മലയാളിക്കു ലഭിച്ച ഏറ്റവും നല്ല ഗ്രന്ഥം എൻ.വി.  കൃഷ്ണവാരിയരുടെ വള്ളത്തോളിന്റെ കാവ്യശില്പമാണ്. ശൈലീവിജ്ഞാനീയത്തിന്റെ സിദ്ധാന്തങ്ങൾ വള്ളത്തോൾക്കവിതയെ വിശകലനം ചെയ്തുകൊണ്ട് എൻ.വി. മലയാളിയെ പഠിപ്പിക്കുന്നു. ശൈലീവിജ്ഞാനീയത്തിന്റെ പഠനവുമായി ബന്ധപ്പെട്ട് മൂന്നു കാര്യങ്ങളിലാണ് എൻ.വി. ഊന്നുന്നത് – ഒരു പ്രത്യേക എഴുത്തുകാരന്റെ രചനാരീതിയെക്കുറിച്ചുള്ള പഠനം, ഒരു പ്രത്യേകഭാഷയിലെ അർത്ഥബോധനതന്ത്രങ്ങളെക്കുറിച്ചുള്ള പഠനം, ഭാഷാസാമാന്യത്തിന്റെ ശൈലീപരമായ വിഭവങ്ങളുടെ പഠനം. ശൈലീപഠനത്തെ ഏറെ സഹായിക്കുന്നവ

യാണ് സംസ്കൃതത്തിലെ കാവ്യവ്യാഖ്യാനസമ്പ്രദായവും രീതി, വക്രോക്തി തുടങ്ങിയ സിദ്ധാന്തങ്ങളും.

പക്ഷരചനകളും പുനർവായനകളും മാഷ്ക്കത്ര പഥ്യമല്ല. 'ഏതു പുസ്തകമെടുത്താലും ദളിത്വായന, പാരിസ്ഥിതികവായന, സ്ത്രീപക്ഷവായന എന്നിങ്ങനെ പലതരത്തിലുള്ള വായനകളാണ് അക്കാദമികവൃത്തങ്ങളിൽ ആഘോഷിക്കുന്നത്. നല്ലതുതന്നെ. പുസ്തകവായനയ്ക്കുശേഷം പോരേ ഇതെല്ലാം എന്നു ചോദിച്ചാൽ റിപ്പ്വാൻ വിങ്കിൾ ആകും. സാരമില്ല, ഒരു വായന കഴിഞ്ഞിട്ടുമതി പുനർവായന'.

ശൈലീവിജ്ഞാനപഠനത്തോടെ ഗ്രന്ഥം സമാപിക്കുന്നു. ഘടനാവാദംപോലുള്ള ഉത്തരാധുനികചിന്തകൾ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനുള്ള കാരണം സ്വതഃസിദ്ധമായ കുസൃതിയോടെ ഗ്രന്ഥകാരൻ പറയുന്നതിതാണ് – 'എനിക്ക് അവ വേണ്ടത്ര മനസ്സിലായിട്ടില്ല'.

**'വസന്തൻ ടച്ച്'**

സാക്ഷാൽ വസന്തന്റെ സമാഗമത്തിൽ വനസ്ഥലിക്കുണ്ടായ മാറ്റം ഹൃദ്യമായി വർണിക്കുന്നുണ്ട് കാളിദാസൻ, കുമാരസംഭവത്തിൽ. വശ്യമായൊരു പുതുമ, പൂത്തുലഞ്ഞപോലെ. ഈ ഗ്രന്ഥത്തിൽ വിവരിക്കുന്ന സാഹിത്യസിദ്ധാന്തങ്ങൾ മിക്കതും നമുക്കറിയാവുന്നവയാണ്. ഈ ഗ്രന്ഥത്തിൽ അവയ്ക്കൊരു പുതുമ നമുക്കനുഭവപ്പെടുന്നു. മുഖ്യമായി രണ്ട് തരത്തിലാണ് ആ പുതുമയിവിടെ സൃഷ്ടിക്കപ്പെടുന്നത്.

1. നമ്മിൽനിന്ന് ഭിന്നമായ സാംസ്കാരികസാഹചര്യങ്ങളിൽ അന്യഭാഷകളിൽ രൂപപ്പെട്ടവയാണ് ഈ സിദ്ധാന്തങ്ങൾ എന്നു തോന്നാത്ത തരത്തിൽ നമുക്ക് പരിചയമുള്ള ഉദാഹരണങ്ങൾ നീളെ നിരത്തിയാണ് വസ്തുതകളോരോന്നും ഗ്രന്ഥകാരൻ വിശദീകരിക്കുന്നത്. എല്ലാ ഉദാഹരണങ്ങളും സൂക്ഷ്മതലത്തിൽ ചേരുന്നതായിക്കൊള്ളണമെന്നില്ല; എങ്കിലും ഒരേകദേശധാരണ നമ്മുടെ കാവ്യസംസ്കാരത്തിൽനിന്ന് ചികഞ്ഞെടുക്കാൻ വായനക്കാരന് കഴിയുന്നു. ഒരുദാഹരണം നോക്കുക. പ്ലേറ്റോവിന്റെ സിദ്ധാന്തങ്ങളെ വിവരിക്കുമ്പോൾ കവികൾ സദാചാരത്തിന് വിരുദ്ധമായി എഴുതുന്നതുകൊണ്ടാണ് അവർക്ക് തന്റെ ആദർശരാഷ്ട്രത്തിൽ സ്ഥാനമനുവദിക്കാത്തത് എന്ന ഭാഗം പ്രതിപാദിക്കുമ്പോൾ ഈ ആശയം വ്യക്തമാക്കാൻ രണ്ടുദാഹരണങ്ങൾ ഗ്രന്ഥകാരൻ നൽകുന്നു. – ഒന്ന്, വള്ളത്തോളിന്റെ പ്രസിദ്ധമായ വാക്യം – 'കല, സന്മാർഗ്ഗം എന്നിവയിൽ ഏതെങ്കിലും ഒന്നു തെരഞ്ഞെടുക്കുവാൻ ദൈവം എന്നോടാവശ്യപ്പെട്ടാൽ ഞാൻ കലയായിരിക്കും തെരഞ്ഞെടുക്കുക'. രണ്ട് – വെള്ളം ചേർക്കാതെടുത്തോരമൃതിനു സമമായ കള്ളിനെ സ്തുതിച്ച് 'പോക വേദാന്തമേ നീ' എന്നവസാനിക്കുന്ന ചങ്ങമ്പുഴയുടെ ശ്ലോകം.

വള്ളത്തോളിനെയും ചങ്ങമ്പുഴയേയും സാക്ഷികളാക്കി ഹാജരാക്കിയതോടെ മല യാളിക്ക് മനസ്സിലായി പ്ലേറ്റോയുടെ ഉള്ളിലിരിപ്പിന്റെ പൊരുള്. ഈ ഗ്രന്ഥത്തിലെ മുന്തിയഭാഗം മലയാളത്തിൽനിന്നുള്ള പരിചിതങ്ങളായ ഇത്തരം ഉദ്ധരണികളാണ്.

2. നസ്യം പറയാൻ വേറിട്ടൊരു കഴിവുണ്ട് വസന്തൻ മാസ്റ്റർക്ക്. പ്രസംഗങ്ങളിൽ നമ്മൾ ഏറെ രസിച്ചിട്ടുണ്ടീ കുസൃതികൾ. ഈ ഗ്രന്ഥത്തിൽ, ഉരുളയ്ക്കുപ്പേരിപോലെ, ധാരാള മുണ്ട്, അത്തരം വിവരണങ്ങൾ.

കാവ്യപാരമ്പര്യത്തെപ്പറ്റി അറിഞ്ഞിരിക്കണം നിരൂപകൻ എന്നാണ് പറഞ്ഞുവരുന്നത്. മലയാളകവിത തുടങ്ങുന്നത് മൂന്ന് പണിക്കൻമാരിൽ നിന്നാണെന്നെങ്കിലുമറിഞ്ഞി രിക്കണം മലയാളത്തിലെ നിരൂപകൻ. ഇവിടെയൊരു നസ്യം - അയ്യപ്പപ്പണിക്കർ, കാവാലംനാരായണപ്പണിക്കർ, കമ്മനിട്ട രാമകൃഷ്ണപ്പണിക്കർ എന്നല്ല മനസ്സിലാ ക്കേണ്ടത്. നിരണം പണിക്കൻമാരിലേയ്ക്കുപോലും നീളുന്നില്ല നമ്മുടെ അന്വേ ഷണം എന്നാണ് വിമർശനം.

മനശ്ശാസ്ത്രനിരൂപണമാണ് പ്രകൃതം. അതൃപ്തമായ കാമവാസനയാൽ ചേതനാ ചേതനങ്ങൾ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാത്ത മനസ്സ് മേഘംപോലുള്ളവയെ സന്ദേശഹരരാക്കാറുണ്ട്. കമന്റ് - അതൃപ്തമായ കാമവാസന ഇല്ലാത്തതുകൊ ണ്ടാകാം മയൂരസന്ദേശകാരൻ പറക്കാനാവാത്ത പക്ഷിയെ സന്ദേശഹരനാക്കിയത്! മനശ്ശാസ്ത്രനിരൂപണ പ്രകരണത്തിൽ തന്നെ ഗന്ധമെന്നത് രതിബിംബമാവാം എന്ന് പലതരം ഗന്ധങ്ങളെ ഉദാഹരിച്ച് സമർത്ഥിച്ചശേഷം ഗ്രന്ഥകാരൻ ഇതുകൂടി എഴു തിച്ചേർക്കുന്നു - വിദുരർ ഉണ്ടാകണമെങ്കിൽ വേദവ്യാസന്റെ ദുർഗന്ധം സഹിക്കണം!

ശൈലീവിജ്ഞാനത്തിലധിഷ്ഠിതമായ നിരൂപണത്തിലെ ഭാഷാപ്രശ്നങ്ങളാണ് പ്രതി പാദ്യം. പ്രണയലേഖനം കയ്യിൽക്കിട്ടിയ കാമുകൻ അതിലെത്ര പൂർണ്ണക്രിയകളുണ്ട്, മുൻവിനയെച്ചമുണ്ട്, തദ്ധിതമുണ്ട് എന്നൊക്കെ എണ്ണിത്തിട്ടപ്പെടുത്താൻ തുടങ്ങി യാൽ പിന്നെ ആ കാമുകന് ഇടപ്പള്ളിയുടെ വഴി മാത്രമേ മുന്നിലുള്ളൂ! (ഇടപ്പള്ളി എന്നു പറഞ്ഞാൽ ആത്മഹത്യചെയ്ത രാഘവൻപിള്ള).

ഉദാഹരണങ്ങളെത്ര വേണമെങ്കിലും നൽകാം. ഓരോന്നും നിർദ്ദയമായ വിമർശന ങ്ങളാണ്. പലപ്പോഴും പുസ്തകം മലർത്തിവെച്ച് ഊറിച്ചിരിച്ചുപോകും; ചിലപ്പോൾ ഇത് പൊട്ടിച്ചിരിയിലെത്തും. ചിരിച്ച് രസിച്ച് വായിക്കാവുന്നതാണോ നിരൂപണ ഗ്രന്ഥമെന്ന് കാണുന്നവർ കൺമിഴിക്കും.

രണ്ടുകാര്യങ്ങളിലേ എനിക്ക് ചെറിയൊരു പരിഭവമുള്ളൂ. ഒന്ന്, ചിലയിടത്തെങ്കിലും ചെറിയ അടിക്കുറിപ്പുകൾ കൊടുക്കാമായിരുന്നു. ഒരുദാഹരണം – 'ആഖ്യാനകവിതകൾ കുറഞ്ഞ് തൽസ്ഥാനത്ത് നൈമിഷികവികാരങ്ങളുടെ സ്ഫുരണവുമായി നാലുവരി, എട്ടുവരി കവിതകൾ തുരുതുരാ വന്നപ്പോഴാണ് പണ്ട് നമ്മുടെ ഒരു നിരൂപകൻ അവയെ 'കപ്പലണ്ടിക്കവിതകൾ' എന്ന് പരിഹസിച്ചത്'. ആ നിരൂപകന്റെ പേര് വരുംതലമുറകൾ കൂടി അറിയുന്നതിലെന്താണ് കുഴപ്പം? നെഗറ്റീവ് കേപ്പബിലിറ്റി, ഓബ്ജക്ടീവ് കോ–റിലേറ്റീവ് പോലുള്ള സിദ്ധാന്തങ്ങൾ കുറച്ചുകൂടി വിശദീകരിക്കേണ്ടതുണ്ടായിരുന്നു എന്ന തോന്നലാണ്, മറ്റൊന്ന്.

പ്രതിപാദ്യത്തിന്റെ സവിശേഷതയും പ്രതിപാദനത്തിന്റെ സരസതയും മൂലം നല്ലവായനാസുഖം നൽകുന്ന ഗ്രന്ഥമാണിത്. പടിഞ്ഞാറൻ ചിന്തകൾക്ക് മലയാളിത്തം നൽകുന്ന സൗരഭ്യമാണിത്.

---

കെ.ജി. പൗലോസ്, മനുസ്മൃതി, താമരക്കുളങ്ങര, തൃപ്പൂണിത്തുറ – 682 301, ഫോൺ: 9846041205, E-mail: kgpaulose@gmail.com, www.kgpaulose@info.com.